**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 841** | **10-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തികളിൽ പ്രവർത്തന ക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തികളിൽ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, കാലതാമസം ഇല്ലാതാക്കുന്നതിനും, നിലവാരം ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുകയും ഇതിനുള്ള കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തിരമാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. എസ്റ്റിമേറ്റ് തുക 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് 1st tier ഗുണനിലവാര പരിശോധനാ റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഒപ്പം വകുപ്പ് തലത്തിൽ ജില്ലാതല ക്വാളിറ്റി കൺട്രോൾലാബുകൾ മുഖാന്തിരം II tier ഗുണനിലവാര പരിശോധനകളും നടത്തി വരുന്നുണ്ട്. II tier പരിശോധന ഫലം തൃപ്തികരമല്ലാതെ വരുന്ന പക്ഷം അത് പൊതുമരാമത്തു വിജിലൻസ് വിഭാഗത്തെ അറിയിക്കുകയും ആയതിന്മേൽ തുടർനടപടികൾ വിജിലൻസ് വിഭാഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| (ബി) | പി.ഡബ്ല്യു.ഡി.ക്ക് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഒരു സ്വതന്ത്ര ഏജൻസി മുഖേന ക്വാളിറ്റി ആഡിറ്റിംഗ് നടത്തുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ക്വാളിറ്റി ആഡിറ്റിംഗിനായി ഒരു സ്വതന്ത്ര ഏജൻസിയേയും നിയോഗിച്ചിട്ടില്ല. |
| (സി) | പി.ഡബ്ല്യു.ഡി.യുടെ ഉടമസ്ഥതയിലുള്ള എല്ലാ റോഡുകളുടെയും വിശദാംശം കാണിക്കുന്ന ബോർഡുകൾ പ്രസ്തുത റോഡുകളിൽ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (സി) | പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിലും നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പ്രധാന റോഡുകളിലും വിശദാംശം കാണിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് റോഡുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | പി.ഡബ്ല്യു.ഡി പ്രവർത്തികൾക്ക് ഏർപ്പെടുത്തിയ സോഷ്യൽ ആഡിറ്റിംഗ് സംവിധാനം ഫലപ്രദമാണോ; അത് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ കാര്യക്ഷമതയ്ക്കായി ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ